പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

23.03.2018 മറുപടി നൽകേണ്ടിയിരുന്നത്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4976 | അന്തിമ മറുപടിയ്ക്ക്

വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയ സംരക്ഷിതവനഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | അഡ്വ.കെ.രാജു.<br>(ബഹു. വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട, കോന്നി, അരുവാപ്പുറം വില്ലേജുകളിൽ 350 ഏക്കറോളമുള്ള സംരക്ഷിതവനം വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) നടുവത്തുമൂഴി റെയിഞ്ചിൽ ഉൾപ്പെട്ടുവരുന്ന അരുവാപ്പലം വില്ലേജിലെ സ്ഥലം വ്യാജരേഖകൾ ചമച്ച് പോക്കുവരവ് ചെയ്ത നടപടി സംബന്ധിച്ച് തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ന്റെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുകയും തെറ്റായി പോക്കുവരവ് നടത്തിയ ടി സ്ഥലം ഉൾപ്പെടുന്ന ഭാഗം 11.07.2017-ൽ 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റഡ് & അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്ത വനമായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചുവരുന്നു.പത്തനംതിട്ട കോന്നി അരുവാപ്പുറം വില്ലേജുകളിൽ 350 ഏക്കറോളമുള്ള സംരക്ഷിത വനം വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയത് സംബന്ധിച്ച VC 01/08/SIU-I നമ്പരായ കേസിന്റെ അന്വേഷണം പൂർത്തിയാക്കി 07/12/2017 തീയതിയിൽ കേസിന്റെ കുറ്റപത്രം തിരുവനന്തപുരം ബഹു.വിജിലൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയും ആയത് CC 23/2017 നമ്പറായി വിചാരണ നടന്നുവരുകയുമാണ്. |
| (ബി) പ്രസ്തുത ഭൂമിയുടെ പട്ടയം റദ്ദാക്കിയിട്ടുണ്ടോ ;വ്യക്തമാക്കുമോ? | (ബി) പ്രസ്തുത സ്ഥലം ചില വിലയാധാരങ്ങളുടെ മറവിലാണ് പോക്കുവരവ് ചെയ്യാൻ ശ്രമിച്ചത്. ടി പോക്കുവരവ് റവന്യൂവകുപ്പ് റദ്ദ് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ